പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 512

29.01.2019 - ൽ മറുപടിക്ക്.

## സിഡ്കോയിലെ സാമ്പത്തിക തട്ടിപ്പ്

ചോദ്യം
ശ്രീ. യു. ആർ. പ്രദീപ്

മറുപടി
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) സിഡ്കോയിൽ വൻ സാമ്പത്തിക തട്ടിപ്പ് നടക്കുന്നു എന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പ്രാഥമിക അന്വേഷണം നടക്കുന്നുണ്ടോ എന്ന് അറിയിക്കുമോ ;

(സി) എത്ര കോടി രൂപയുടെ തട്ടിപ്പ് നടന്നതായിട്ടാണ് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) തട്ടിപ്പിന്റെ മുഴുവൻ വസ്തുതകളും കണ്ടെത്തുന്നതിന് വിദഗ്ദ അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

(എ) : ഉണ്ട്.

(ബി), (സി), & (ഡി) : അക്കൗണ്ടന്റ് ജനറൽ (കേരള), 2012-2015 കാലയളവിലെ സിഡ്കോയുടെ വരവ് ചെലവ് കണക്കുകൾ ആഡിറ്റിന് വിധേയമാക്കി പരിശോധിച്ചതിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണങ്ങൾക്ക് സർക്കാർ ഉത്തരവാകുകയും ചെയ്തു. ടി കാലയളവിൽ സിഡ്കോ ഏറ്റെടുത്ത് നടത്തിയ പല പ്രവൃത്തികൾ സംബന്ധിച്ച് വിജിലൻസ് നടത്തിയ ത്വരിതാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ VC2/2014/SIU-II, VC5/2018/SIU-I, VC1/2015/PKD എന്നീ നമ്പർ വിജിലൻസ് കേസുകൾ മുൻ മാനേജിങ് ഡയറക്ടർ ശ്രീ. സജി ബഷീർ, സിഡ്കോയിലെ ചില ഉദ്യോഗസ്ഥർ എന്നിവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്പോഴും അന്വേഷണം നടന്നു വരുന്നു. ഇതുവരെ സർക്കാരിൽ ലഭിച്ചിട്ടുള്ള വിജിലൻസ് അന്വേഷണ റിപ്പോർട്ട് പ്രകാരം ഏകദേശം 7 കോടി രൂപയുടെ തട്ടിപ്പ് നടന്നതായിട്ടാണ് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളത്. വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർ നടപടി സ്വീകരിച്ചു വരുന്നു.

കൂടാതെ സിഡ്കോയുടെ പ്രൊഡക്ഷൻ, മാർക്കറ്റിങ് എന്നീ ഡിവിഷനുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് സിഡ്കോ

മാനേജ്മെന്റ് പ്രാഥമിക അന്വേഷണം നടത്തുകയും പ്രൊഡക്ഷൻ ഡിവിഷന്റെ കീഴിലുള്ള ഒല്ലൂർ സർവീസ് വർക്ക് ഷോപ്പിൽ ഏകദേശം 2,30,327/- രൂപയുടെ തിരിമറി കണ്ടെത്തുകയും ചെയ്തതിനെ തുടർന്ന് ഇതുമായി ബന്ധപ്പെട്ട് ഒരു ഉദ്യോഗസ്ഥയെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് പോലീസിൽ എഫ്. ഐ.ആർ. രജിസ്റ്റർ ചെയ്തു.

കൂടാതെ ഒല്ലൂർ വിപണന വിഭാഗത്തിന്റെ കീഴിലുള്ള ഒല്ലൂർ മാർക്കറ്റിങ് സെന്റർ മാനേജർ, കസ്റ്റമർ ഡിപ്പാർട്ട്മെന്റിൽനിന്നും സിഡ്കോയ്ക്ക് ലഭിക്കേണ്ടിയിരുന്ന തുകകൾ സ്വന്തം അക്കൗണ്ടിലേക്ക് മാറ്റിയതായി ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് അച്ചടക്ക നടപടിയുടെ ഭാഗമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണത്തി നായി പോലീസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയായാലേ തട്ടിപ്പിന്റെ പൂർണ രൂപം വ്യക്തമാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ.